## പതിനാലാം കേരള നിയമസഭ

### ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.722** **13/01/2021 ൽ മറുപടിക്ക്**

**ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം ലഭിക്കാത്ത അവസ്ഥ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ .കെ .എൻ .എ. ഖാദർ | കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള വിവിധ ക്ഷേത്രങ്ങളിൽ അവയുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിനായി സർക്കാരിന് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നതു മൂലം സർക്കാർ ഗ്രാന്റുകൾ നൽകുന്നതിന് കാലതാമസം നേരിടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) ഇപ്രകാരം ഗ്രാന്റുകൾ നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നതു കാരണം വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം ലഭിക്കാത്ത അവസ്ഥയുണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ലഘൂകരിക്കാൻ എന്ത് നടപടിയാണ് സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടായതെന്ന് വ്യക്തമാക്കുമോ? | (എ) & (ബി) ഉണ്ട്.<br>മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളകുടിശ്ശിക മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ നിന്നും ലഭിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം, തൊട്ട് മുൻ കലണ്ടർ വർഷം വരെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട് എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് അധികൃതർ നൽകുന്ന സാക്ഷ്യപത്രം കൂടി സമർപ്പിക്കേണ്ടതാണെന്ന നിബന്ധന 2015 മുതൽ നിലവിലുണ്ടായിരുന്നു. എന്നാൽ അപ്രകാരമുള്ള നിബന്ധന, തൊട്ട് മുൻ കലണ്ടർ വർഷം വരെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റ് വകുപ്പിലേയ്ക്ക് അയച്ച് കൊടുത്തിട്ടുണ്ട് എന്ന് ക്ഷേത്ര ഭരണാധികാരി സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയെന്ന് ഭേദഗതി ചെയ്ത് 27/05/2020 ന് ഉത്തരവായിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് അതാത് ക്ഷേത്രങ്ങളുടെ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ, വിവിധ ഗ്രേഡുകളിൽ (സ്പെഷ്യൽ, എ, ബി, സി, ഡി) വ്യത്യസ്ത ശമ്പള നിരക്കിലാണ് ശമ്പളം നൽകി |

വരുന്നത്. ഓരോ ക്ഷേത്രത്തിന്റെയും വരുമാനത്തിന്റെ 50% ന് തുല്യമായ തുക ശമ്പള ആവശ്യത്തിനായി നീക്കിവയ്ക്കണമെന്നും, അപ്രകാരം ശമ്പളയിനത്തിൽ ബാക്കി വരുന്ന തുകയാണ് മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ നിന്നും നൽകേണ്ടതെന്നുമാണ് നിലവിലുള്ള വ്യവസ്ഥ. ആയതിനാൽ സർക്കാർ ഗ്രാന്റിൽ നിന്നും മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ട് മുഖാന്തിരം ക്ഷേത്ര ജീവനക്കാർക്ക് ശമ്പള ധനസഹായം അനുവദിക്കുമ്പോൾ ക്ഷേത്രവരുമാനം അടിസ്ഥാനപ്പെടുത്തേണ്ടതുള്ളതിനാൽ, ക്ഷേത്രഭരണാധികാരികൾ സമർപ്പിക്കുന്ന ക്ഷേത്രത്തിന്റെ വാർഷിക വരവ് ചെലവ് കണക്കുകളുടെ ആധികാരികത ഉറപ്പ് വരുത്തേണ്ടതുണ്ട്. സംസ്ഥാന ഓഡിറ്റ് വകുപ്പിന് ക്ഷേത്രത്തിന്റെ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി യഥാസമയം അയച്ചുകൊടുത്താൽ മാത്രമേ ക്ഷേത്ര കണക്കുകളുടെ കൃത്യത ഉറപ്പുവരുത്താനാവൂ. യഥാർത്ഥ വരവ് ചെലവ് കണക്കുകൾ യഥാസമയം ഹാജരാക്കുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക്, യഥാസമയം തന്നെ സർക്കാർ ഗ്രാന്റ് മുഖേന ലഭിക്കുന്ന ധനസഹായം അനുവദിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ